<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2097</u>     <u>01-09-2022 - ൽ മറുപടിയ്ക്ക്</u>

<u>ഭക്ഷ്യോല്പന്നങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭക്ഷ്യോല്പന്നങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നടത്തിയ പദ്ധതികളുടെ വിശദാംശം നൽകുമോ; ഓരോ പദ്ധതിക്കായും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | (എ) | ഭക്ഷ്യോല്പന്നങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി **2016-17** മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>**പ്രധാന പദ്ധതികൾ**</u><br><br>**1) സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി** – സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച ഈ പദ്ധതി **2016-17** മുതൽ നാളിതുവരെ സംസ്ഥാനത്ത് ആകെ **432** ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. **205.15** ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>**2) സേഫ് ആന്റ് ന്യൂട്രിഷ്യസ് ഫുഡ് @ സ്കൂൾ (SNF@School)** – സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതി **2016-17** മുതൽ നാളിതുവരെ സംസ്ഥാനത്ത് ആകെ **1603** സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. **70.86** ലക്ഷം രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്.<br><br><u>**മറ്റ് പ്രവർത്തനങ്ങൾ**</u><br><br><u>**1**</u>) IEC പ്രവർത്തനങ്ങൾ - ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവയിലൂടെയുള്ള നിരന്തരമായ ഭക്ഷ്യസുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഭക്ഷ്യസുരക്ഷാ ബോധവത്ക്കരണ സന്ദേശങ്ങൾ അടങ്ങിയ വീഡിയോകളുടെ നിർമ്മാണവും പ്രദർശനവും , പോസ്റ്ററുകൾ, ബുക്ക്ലെറ്റുകൾ, ഡിസ്പ്ലേ ബോർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള ബോധവൽക്കരണം, |

ബോധവൽക്കരണ സെമിനാറുകൾ, സൈക്ലത്തോൺ/വാക്കത്തോൺ എന്നീ IEC പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു. 196.72 ലക്ഷം രൂപയാണ് ടി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.

2) MoU വർക്ക് പ്ലാൻ പ്രകാരമുള്ള പദ്ധതികൾ/ പ്രോഗ്രാമുകൾ - കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി കേരള ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് ഒപ്പുവച്ചിട്ടുള്ള MoU പ്രകാരം **2020-21** സാമ്പത്തിക വർഷം മുതൽ വാർഷിക വർക്ക് പ്ലാൻ മുഖേനയുള്ള പദ്ധതികൾ/ പ്രോഗ്രാമുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്നു**.**

ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി നടത്തി വരുന്ന ഫോസ്റ്റാക് ട്രെയിനിംഗ് (FoSTaC Training), വിവിധ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് പോഷകസമൃദ്ധവും ഗുണ നിലവാരമുള്ളതുമായ ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന ഈറ്റ് റൈറ്റ് ക്യാമ്പസ് പദ്ധതി (Eat Right Campus), സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവും സുസ്ഥിരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തുന്നതിനായി നടപ്പിലാക്കി വരുന്ന ഈറ്റ് റൈറ്റ് സ്കൂൾ പദ്ധതി, ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദ സഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി (Clean Street Food Hub), സംസ്ഥാനത്തെ പഴം, പച്ചക്കറി മാർക്കറ്റുകളിൽ സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷ്യ വ്യാപാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ക്ലീൻ ഫ്രൂട്ട് ആന്റ് വെജിറ്റബിൾ മാർക്കറ്റ് പദ്ധതി, ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങൾ പൊതു ജനങ്ങൾക്ക് ഉറപ്പാക്കുന്നതിനായി ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകി അംഗീകാരം നൽകുകയും അതോടൊപ്പം ജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന ഹൈജീൻ റേറ്റിംഗ് പദ്ധതി, സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ ഭക്ഷ്യ യോഗ്യമായ പ്രസാദങ്ങളിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന BHOG പദ്ധതി**,** ഉപയോഗിച്ച ഭക്ഷ്യ എണ്ണയുടെ വീണ്ടും വീണ്ടുമുള്ള ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്ന RUCO പദ്ധതി തുടങ്ങിയവ MoU വർക്ക് പ്ലാൻ പ്രകാരം നടപ്പിലാക്കിവരുന്നു. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി വിഹിതത്തിൽ നിന്നും **32.94** ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും **28.21** ലക്ഷം രൂപയും പ്രസ്തുത പദ്ധതികൾ/ പ്രോഗ്രാമുകൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ